DESPATCHED
On. 30/4/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2561614, ഫാക്സ്: 0471 2330920

**E-mail: sic.ker@nic.in**

**AP.No.1069 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 7780/SIC-G4/2021)**

**സന്നിഹിതൻ**

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഏപ്രിൽ 27

ശ്രീ. സീതാരാമൻ കെ. ആർ.
പുത്തൻഗ്രാമം, കുനിശ്ശേരി പി.ഒ.,
പാലക്കാട് – 678 681. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
സീനിയർ സുപ്രണ്ട്,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
ആലത്തൂർ, പാലക്കാട്.

2. അപ്പീൽ അധികാരി &,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
ആലത്തൂർ, പാലക്കാട്.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ കമ്മീഷന്റെ 13.10.2021–ലെ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് പരിശോധിച്ചതിൽ 5.3.2021–ന് തയ്യാറാക്കിയ മറുപടി 19.3.2021–നാണ് അയച്ചു കൊടുത്തിട്ടുള്ളതായി കാണുന്നത്. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിലാണ് 6.3.2021–ന് ഡെസ്പാച്ച് സെക്ഷനിൽ നൽകിയ മറുപടി 13 ദിവസത്തോളം വൈകി 19.3.2021–ന് അയക്കാൻ ഇടയായത് എന്ന എതിർകക്ഷികളുടെ വാദം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. എന്നാൽ കമ്മീഷൻ ഉത്തരവിനെ തുടർന്ന് രേഖാപകർപ്പുകൾ സൗജന്യമായി 11.11.2021–ന് ഹർജിക്കാരന് നൽകിയിട്ടുള്ളത് കണക്കിലെടുത്ത് ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശം എതിർകക്ഷികൾക്ക് നൽകി അപ്പീൽ ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 ഏപ്രിൽ 27–ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION